(സി) ഈ അദ്ധ്യയന വർഷം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ;

&

(ഡി) കൊറോണയുടെ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി കൂടാതെ മറ്റേതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

(സി&ഡി) സർക്കാർ കോളേജുകളിൽ ജീവനി പദ്ധതി പ്രകാരം സൈക്കോളജിസ്റ്റുകളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സമാനമായ മറ്റ് പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം

93 (4481) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തുതന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനായി സർക്കാർ അവസരമൊരുക്കിയിട്ടുണ്ട്. ഇതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ 62620 സീറ്റുകളും കേരള സർവ്വകലാശാലയുടെ കീഴിൽ 44571 സീറ്റുകളും, കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 18810 സീറ്റുകളും, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ 103606 സീറ്റുകളും, സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ 44796 സീറ്റുകളും പോളിടെക്നിക്ക് വിഭാഗത്തിൽ 19825 സീറ്റുകളും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന സർവ്വകലാശാലകളിൽ സംയോജിത കോഴ്സുകളിലും സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, പ്ലസ് ടു പാസായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നടത്തുന്നതിനായി പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ മുതലായ ഉന്നത പ്രൊഫഷണൽ കോഴ്സുകളിലേക്ക് അഡ്മിഷൻ നേടാനും സാധിക്കുന്നതാണ്. ഇതിനുപുറമേ, ഈ അക്കാദമിക വർഷം ബിരുദതലത്തിലും, ബിരുദാനന്തരതലത്തിലും സീറ്റുകൾ വർദ്ധിപ്പിച്ച് 5-8-2021-ന് സ.ഉ.(സാധാ)നമ്പർ 1011/2021/ഉ.വി.വ. ഉത്തരവിറങ്ങിയിട്ടുണ്ട്.

(ബി) പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നടത്തുന്നതിനായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ ഉപരിപഠനം നടത്തുന്നതിനായി നിലവിലുള്ള സീറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൂടുതൽ വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തിന് അവസരം

94(4482) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാരണങ്ങളാൽ കോളേജ് പഠനം സാധിക്കാതെവരുന്നവർ ആശ്രയിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള ബിരുദ, ബിരുദാനന്തര പഠനത്തിനായുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

&

(ബി) ഏതെല്ലാം സർവ്വകലാശാലകളിലാണ് പ്രസ്തുത രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

(എ&ബി) കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൂടുതൽ വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തിന് അവസരമൊരുക്കുന്നതിനായി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

5-8-2021-ലെ സ.ഉ.(സാധാ)നമ്പർ 1011/2021/ഉ.വി.വ. പ്രകാരം 2021-22 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പുതുതലമുറ കോഴ്സുകൾ ഏതെല്ലാമാണെന്നും അവ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കുമോ?

പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനായി കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly